**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5129 　　　　15.11.2019-ൽ മറുപടിയ്ക്ക്

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം**

| **ചോദ്യം**<br><br>**ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | | **മറുപടി**<br><br>**ശ്രീ.എ.സി.മൊയ്തീൻ**<br>**(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം സംബന്ധിച്ച നിർദ്ദേശം 2018 സെപ്റ്റംബറിൽ തന്നെ സർക്കാർ നൽകിയിരുന്നോ; | (എ) | 2019-20 വാർഷിക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച പ്രാരംഭ നിർദ്ദേശങ്ങൾ 19.09.2018 ലെ 2462/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരവും വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള സമയക്രമം അടക്കം മറ്റു നിർദ്ദേശങ്ങൾ 23.10.2018-ലെ 2710/2018/തസ്വഭവ പ്രകാരവും നൽകിയിട്ടുണ്ട്. |
| (ബി) | നടപ്പ് സാമ്പത്തിക വർഷം ഒക്ടോബർ 31 വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ എത്ര ശതമാനം വിനിയോഗിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ; | (ബി) | 2019 ഒക്ടോബർ 31 വരെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിനിയോഗം 29.56% ആണ്. |
| (സി) | പൊതുവിഭാഗം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നീ ഇനങ്ങളിൽ ചെലവാക്കിയ ശതമാനം എത്രയാണ്; | (സി) | 13.11.2019 വരെയുള്ള പദ്ധതി ചെലവ് ചുവടെ ചേർക്കുന്നു.<br>ജനറൽ - 38.73%<br>എസ്.സി.പി - 26.71%<br>റ്റി.എസ്.പി - 29.72% |
| (ഡി) | സംസ്ഥാന സർക്കാർ നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | പ്രതികൂലമായി ബാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ